# പ്രാർത്ഥനകൾ

# الأدعية الواردة

## (فى القرآن والسنة)

**അബ്ദുസ്സലാം മോങ്ങം**

---

ഇതും ഇതുപോലെയുള്ള മറ്റു ബുക്‌ലെറ്റുകളും പ്രസിദ്ധീകരണത്തിന് പങ്കാളികളാകുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.

**+97150 9758888, +91 9037752039**

Layout &Printing: Noble Vision : +91 98995599264

KSA DISTRIBUTION: KHOBAR INDIAN ISLAHI CENTRE
19TH CROSS, AZEEZIYA ROAD,AL-KHOBAR.PH:+966 533045017

# ആമുഖം

ഖുർആനിലും ഹദീഥുകളിലും പ്രതിപാദിക്കപ്പെട്ട പ്രാർത്ഥനകളാണ് ഈ പുസ്തകത്തിലുള്ളത്. സർവ്വ ലോകരക്ഷിതാവായ തമ്പുരാനോട് മാത്രമാണ് പ്രാർത്ഥിക്കേണ്ടതെന്ന് പഠിപ്പിക്കുവാനാണ് പ്രവാചകൻമാരെല്ലാം നിയോഗിക്കപ്പെട്ടത്. ഖുർആനിലും ഹദീഥുകളിലും പഠിപ്പിക്കപ്പെട്ട പ്രാർത്ഥനകളെല്ലാം അല്ലാഹുവിനോടുള്ളതാണ്. നമ്മുടെ ഏത് പ്രശ്നങ്ങളും പരിഹരിക്കുവാൻ കഴിയുന്നവനാണ് അല്ലാഹു. നമ്മുടെയെല്ലാം മനസ്സുകൾക്കകത്ത് ഒളിപ്പിച്ചുവെച്ച കാര്യങ്ങൾ പോലും അറിയുന്നവൻ. അവനെ മാത്രമാണ് നാം ആരാധിക്കേണ്ടത്; അവനോട് മാത്രമാണ് നാം വിളിച്ചു പ്രാർത്ഥിക്കേണ്ടത്. ഖുർആൻ പറയുന്നത് നോക്കുക.

‘‘നിന്നോട് എന്റെ ദാസന്മാർ എന്നെ പറ്റി ചോദിച്ചാൽ ഞാൻ അവർക്ക് ഏറ്റവും അടുത്തുള്ളവനാകുന്നു (എന്നു പറയുക), പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണ്’’ (2/186)

# പ്രാർത്ഥനകൾ

(1) رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ ﴿٢٣﴾(الأعراف)

''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും''.

(2) رَبِّ إِنِّيٓ أَعُوذُ بِكَ أَنْ أَسْـَٔلَكَ مَا لَيْسَ لِي بِهِۦ عِلْمٌۖ وَإِلَّا تَغْفِرْ لِي وَتَرْحَمْنِيٓ أَكُن مِّنَ ٱلْخَٰسِرِينَ ﴿٤٧﴾ (هود)

എന്റെ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്തുതരികയും, നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും.

(3) رَبِّ ٱغْفِرْ لِى وَلِوَٰلِدَىَّ وَلِمَن دَخَلَ بَيْتِىَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۖ ﴿٢٨﴾ (نوح)

എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾ ക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറു ത്തുതരേണമേ

(4) رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ ﴿١٢٧﴾.... وَتُبْ عَلَيْنَآ ۖ إِنَّكَ أَنتَ ٱلتَّوَّابُ ٱلرَّحِيمُ ﴿١٢٨﴾ (البقرة)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീ യിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകു ന്നു. ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുക യും ചെയ്യേണമേ. തീർച്ചയായും നീ അത്യധി കം പശ്ചാത്താപം സ്വീകരിക്കുന്നവനും കരു ണാനിധിയുമാകുന്നു

(5) رَبِّ ٱجْعَلْنِى مُقِيمَ ٱلصَّلَوٰةِ وَمِن
ذُرِّيَّتِى ۚ رَبَّنَا وَتَقَبَّلْ دُعَآءِ ﴿٤٠﴾ ( إبراهيم)

എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറ പ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ.

(6) رَبَّنَا ٱغْفِرْ لِى وَلِوَٰلِدَىَّ وَلِلْمُؤْمِنِينَ
يَوْمَ يَقُومُ ٱلْحِسَابُ ﴿٤١﴾ ( إبراهيم)

ഞങ്ങളുടെ രക്ഷിതാവേ, വിചാരണ ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യ വിശ്വാസികൾക്കും നീ പൊറുത്തുതരേണമേ.

(7) رَبِّ هَبْ لِى حُكْمًا وَأَلْحِقْنِى بِٱلصَّٰلِحِينَ
﴿٨٣﴾ وَٱجْعَل لِّى لِسَانَ صِدْقٍ فِى ٱلْءَاخِرِينَ ﴿٨٤﴾
وَٱجْعَلْنِى مِن وَرَثَةِ جَنَّةِ ٱلنَّعِيمِ ﴿٨٥﴾ وَٱغْفِرْ لِأَبِىٓ
إِنَّهُۥ كَانَ مِنَ ٱلضَّآلِّينَ ﴿٨٦﴾ وَلَا تُخْزِنِى يَوْمَ

يُبْعَثُونَ ﴿٨٧﴾ (الشعراء)

എന്റെ രക്ഷിതാവേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ., പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ. എന്നെ നീ സുഖസമ്പൂർണ്ണമായ സ്വർഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ. എന്റെ പിതാവിന് നീ പൊറുത്തുകൊടുക്കേണമേ. തീർച്ചയായും അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിലായിരിക്കുന്നു അവർ (മനുഷ്യർ) ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ.

(8) رَبِّ هَبْ لِى مِنَ ٱلصَّٰلِحِينَ ﴿١٠٠﴾ (الصافات)

എന്റെ രക്ഷിതാവേ, സദ്വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ.

(9) رَّبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْكَ ٱلْمَصِيرُ ﴿٤﴾ (الممتحنة)

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിന്നിലേക്ക് ഞങ്ങൾ പശ്ചാതപിച്ച് മടങ്ങുകയും ചെയ്തിരിക്കുന്നു.

നിന്നിലേക്ക് തന്നെയാണ് തിരിച്ചുവരവ്.

(10) رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلَّذِينَ كَفَرُوا۟ وَٱغْفِرْ لَنَا رَبَّنَآ ۖ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ۝٥ (الممتحنة)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും

(11) رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِى بِرَحْمَتِكَ فِى عِبَادِكَ ٱلصَّٰلِحِينَ ۝١٩

(النمل)

എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്ത് തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ. നിന്റെ കാരുണ്യത്താൽ നിന്റെ സദ്വൃത്തരായ ദാസൻ

മാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തു കയും ചെയ്യേണമേ.

(12) رَبِّ هَبۡ لِى مِن لَّدُنكَ ذُرِّيَّةً طَيِّبَةًۖ إِنَّكَ سَمِيعُ ٱلدُّعَآءِ ﴿٣٨﴾ (آل عمران)

എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാ ണല്ലോ

(13) رَبِّ لَا تَذَرۡنِى فَرۡدًا وَأَنتَ خَيۡرُ ٱلۡوَٰرِثِينَ ﴿٨٩﴾ (الأنبياء)

എന്റെ രക്ഷിതാവേ, നീ എന്നെ ഏകനായി (പിന്തുടർച്ചക്കാരില്ലാതെ) വിടരുതേ. നീയാണ ല്ലോ അനന്തരാവകാശമെടുക്കുന്നവരിൽ ഏറ്റ വും ഉത്തമൻ.

(14) لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّى كُنتُ مِنَ ٱلظَّٰلِمِينَ ﴿٨٧﴾ (الأنبياء)

നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളു

ടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.

(15) رَبِّ ٱشۡرَحۡ لِي صَدۡرِي ﴿٢٥﴾ وَيَسِّرۡ لِيٓ أَمۡرِي ﴿٢٦﴾ وَٱحۡلُلۡ عُقۡدَةً مِّن لِّسَانِي ﴿٢٧﴾ يَفۡقَهُواْ قَوۡلِي ﴿٢٨﴾ (طه)

എന്റെ രക്ഷിതാവേ, നീ എനിക്ക് ഹൃദയവിശാലത നൽകേണമേ. എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കിത്തരേണമേ. ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിനായി എന്റെ നാവിന്റെ പ്രയാസം പരിഹരിക്കേണമേ.

(16) رَبِّ إِنِّي ظَلَمۡتُ نَفۡسِي فَٱغۡفِرۡ لِي ﴿١٦﴾ (القصص)

എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ

(17) رَبَّنَآ ءَامَنَّا بِمَآ أَنزَلۡتَ وَٱتَّبَعۡنَا ٱلرَّسُولَ فَٱكۡتُبۡنَا مَعَ ٱلشَّٰهِدِينَ ﴿٥٣﴾ (آل عمران)

ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും, (നിന്റെ) ദൂതനെ

ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ.

(18) رَبَّنَا لَا تَجْعَلْنَا فِتْنَةً لِّلْقَوْمِ ٱلظَّٰلِمِينَ ﴿٨٥﴾ وَنَجِّنَا بِرَحْمَتِكَ مِنَ ٱلْقَوْمِ ٱلْكَٰفِرِينَ ﴿٨٦﴾ (يونس)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ഈ ജനവിഭാഗത്തിന്റെ മർദ്ദനത്തിന് ഇരയാക്കരുതേ. നിന്റെ കാരുണ്യം കൊണ്ട് സത്യനിഷേധികളായ ഈ ജനതയിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തേണമേ.

(19) رَبَّنَا ٱغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِىٓ أَمْرِنَا وَثَبِّتْ أَقْدَامَنَا وَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴿١٤٧﴾ (آل عمران)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും, ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചുനിർത്തുകയും, സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ.

(20) رَبَّنَآ ءَاتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا ﴿١٠﴾ (الكهف)

ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ.

(21) رَبِّ زِدْنِي عِلْمًا ﴿١١٤﴾ (طه)

എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ

(22) رَبِّ أَعُوذُ بِكَ مِنْ هَمَزَاتِ ٱلشَّيَاطِينِ ﴿٩٧﴾ وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ ﴿٩٨﴾ (المؤمنون)

എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. അവൻ എന്റെ അടുത്ത് സന്നിഹിതനാകുന്നതിൽ നിന്ന്. എന്റെ രക്ഷിതാവേ! ഞാൻ നിന്നോട് രക്ഷതേടുന്നു.

(23) رَبِّ ٱغْفِرْ وَٱرْحَمْ وَأَنتَ خَيْرُ ٱلرَّاحِمِينَ ﴿١١٨﴾

(المؤمنون)

എന്റെ രക്ഷിതാവേ, നീ പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഏറ്റവും ഉത്തമനാണല്ലോ.

(24) رَبَّنَآ ءَاتِنَا فِى ٱلدُّنْيَا حَسَنَةً وَفِى ٱلْءَاخِرَةِ حَسَنَةً وَقِنَا عَذَابَ ٱلنَّارِ ﴿٢٠١﴾

(البقرة)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ

(25) سَمِعْنَا وَأَطَعْنَا ۖ غُفْرَانَكَ رَبَّنَا وَإِلَيْكَ ٱلْمَصِيرُ ﴿٢٨٥﴾ (البقرة)

ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം.

(26) رَبَّنَا لَا تُؤَاخِذۡنَآ إِن نَّسِينَآ أَوۡ أَخۡطَأۡنَاۚ
رَبَّنَا وَلَا تَحۡمِلۡ عَلَيۡنَآ إِصۡرٗا كَمَا حَمَلۡتَهُۥ
عَلَى ٱلَّذِينَ مِن قَبۡلِنَاۚ رَبَّنَا وَلَا تُحَمِّلۡنَا مَا لَا
طَاقَةَ لَنَا بِهِۦۖ وَٱعۡفُ عَنَّا وَٱغۡفِرۡ لَنَا
وَٱرۡحَمۡنَآۚ أَنتَ مَوۡلَىٰنَا فَٱنصُرۡنَا عَلَى ٱلۡقَوۡمِ
ٱلۡكَٰفِرِينَ ٢٨٦ (البقرة)

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധിക

ളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.

(27) رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِن لَّدُنكَ رَحْمَةً إِنَّكَ أَنتَ ٱلْوَهَّابُ ﴿٨﴾ (آل عمران)

ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു

(28) رَبَّنَا مَا خَلَقْتَ هَٰذَا بَٰطِلًا سُبْحَٰنَكَ فَقِنَا عَذَابَ ٱلنَّارِ ﴿١٩١﴾ رَبَّنَآ إِنَّكَ مَن تُدْخِلِ ٱلنَّارَ فَقَدْ أَخْزَيْتَهُۥ ۖ وَمَا لِلظَّٰلِمِينَ مِنْ أَنصَارٍ ﴿١٩٢﴾ رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا ۚ رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا

وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ ﴿١٩٣﴾
رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا
يَوْمَ ٱلْقِيَـٰمَةِ ۗ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ ﴿١٩٤﴾
(آل عمران)

ഞങ്ങളുടെ രക്ഷിതാവേ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കേണമേ. ഞങ്ങളുടെ രക്ഷിതാവേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ല താനും. ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണി ക്കുന്ന ഒരു പ്രബോധകൻ നിങ്ങളുടെ രക്ഷിതാ വിൽ വിശ്വസിക്കുവിൻ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചി രിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറു ത്തുതരികയും ഞങ്ങളുടെ തിൻമകൾ ഞങ്ങളി ൽ നിന്ന് നീ മായ്ച്ചുകളയുകയും ചെയ്യേണമേ. പുണ്യവാൻമാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷി

താവേ, നിന്റെ ദൂതൻമാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയർത്തെഴുന്നേൽപിന്റെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച.

(29) رَبَّنَآ ءَامَنَّا فَٱغْفِرْ لَنَا وَٱرْحَمْنَا وَأَنتَ خَيْرُ ٱلرَّٰحِمِينَ ١٠٩ (المؤمنون)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾക്ക് നീ പൊറുത്തുതരികയും, ഞങ്ങളോട് കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണികരിൽ ഉത്തമനാണല്ലോ.

(30) رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا ٦٥ إِنَّهَا سَآءَتْ مُسْتَقَرًّا وَمُقَامًا (الفرقان)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു

താവളവും പാർപ്പിടവും തന്നെയാകുന്നു.

(31) رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴿٧٤﴾ (الفرقان)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യ മാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ

(32) رَبِّ أَوْزِعْنِىٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِىٓ أَنْعَمْتَ عَلَىَّ وَعَلَىٰ وَٰلِدَىَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَصْلِحْ لِى فِى ذُرِّيَّتِىٓ ۖ إِنِّى تُبْتُ إِلَيْكَ وَإِنِّى مِنَ ٱلْمُسْلِمِينَ ﴿١٥﴾ (الأحقاف)

എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും

ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.

(33) رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ ﴿١٠﴾ (الحشر)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു

(34) رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٨﴾ (التحريم)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു നീ പൂർത്തീകരിച്ച് തരികയും, ഞങ്ങൾക്കു നീ പൊറുത്തുതരികയും ചെയ്യേ

ണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.

(35) رَبَّنَآ إِنَّنَآ ءَامَنَّا فَٱغْفِرْ لَنَا
ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ ﴿١٦﴾ (آل عمران)

ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ

(36) رَبَّنَآ ءَامَنَّا فَٱكْتُبْنَا مَعَ ٱلشَّٰهِدِينَ ﴿٨٣﴾

(المائدة)

ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ.

(37) رَبِّ ٱجْعَلْ هَٰذَا ٱلْبَلَدَ ءَامِنًا وَٱجْنُبْنِى
وَبَنِىَّ أَن نَّعْبُدَ ٱلْأَصْنَامَ ﴿٣٥﴾ (إبراهيم)

എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക്

ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ.

(38) رَبِّ إِنِّي لِمَآ أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ ﴿٢٤﴾ (القصص)

എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നൻമയ്ക്കും ഞാൻ ആവശ്യക്കാരനാകുന്നു.

(39) رَبِّ ٱنصُرْنِى عَلَى ٱلْقَوْمِ ٱلْمُفْسِدِينَ ﴿٣٠﴾ (العنكبوت)

എന്റെ രക്ഷിതാവേ, കുഴപ്പക്കാരായ ഈ ജനതക്കെതിരിൽ എന്നെ നീ സഹായിക്കണമേ.

(40) رَبَّنَا لَا تَجْعَلْنَا مَعَ ٱلْقَوْمِ ٱلظَّالِمِينَ ﴿٤٧﴾ (الأعراف)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ജനങ്ങളുടെ കൂട്ടത്തിലാക്കരുതേ.

(41) حَسْبِيَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ﴿١٢٩﴾

(التوبة)

എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥൻ.

(42) رَبِّ نَجِّنِى مِنَ ٱلْقَوْمِ ٱلظَّٰلِمِينَ ﴿٢١﴾

(القصص)

എന്റെ രക്ഷിതാവേ, അക്രമികളായ ജനതയിൽ നിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ.

## നബി വചനങ്ങളിൽ നിന്ന്

(43) اللَّهُمَّ آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

"അല്ലാഹുവേ ഇഹലോകത്തും പരലോകത്തും നീ ഞങ്ങൾക്ക് നന്മ നൽകേണമേ! ഞങ്ങളെ നരകാഗ്നിയിൽ നിന്ന് നീ രക്ഷിക്കേണമേ. "

(44) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ وَعَذَابِ النَّارِ، وَفِتْنَةِ الْقَبْرِ، وَعَذَابِ الْقَبْرِ، وَشَرِّ فِتْنَةِ الْغِنَى، وَشَرِّ فِتْنَةِ الْفَقْرِ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ. اللَّهُمَّ اغْسِلْ قَلْبِي بِمَاءِ الثَّلْجِ وَالْبَرَدِ، وَنَقِّ قَلْبِي مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الْأَبْيَضَ مِنْ الدَّنَسِ، وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ. اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْكَسَلِ وَالْمَأْثَمِ وَالْمَغْرَمِ

"അല്ലാഹുവേ! നരകത്തിന്റെ പരീക്ഷണത്തിൽ നിന്നും നരക ശിക്ഷയിൽ നിന്നും ഖബ്റിലെ

പരീക്ഷണത്തിൽ നിന്നും ഖബ്ർ ശിക്ഷയിൽ നിന്നും ഐശ്വര്യത്തിന്റെയും ദാരിദ്ര്യത്തിന്റേയും പരീക്ഷണോപദ്രവങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു. അല്ലാഹുവേ! മസീഹുദ്ദജ്ജാലിന്റേയും പരീക്ഷണോപദ്രവങ്ങ ളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ, എന്റെ ഹൃദയത്തെ നീ വെള്ളം കൊണ്ടും മഞ്ഞുകൊണ്ടും ഐസുകൊണ്ടും കഴുകേണമേ. അഴുക്കിൽ നിന്ന് വെള്ള വസ്ത്രം കഴുകിയതുപോലെ പാപങ്ങളിൽ നിന്ന് നീ എ ന്റെ ഹൃദയത്തെ ശുദ്ധിയാക്കേണമേ. എനിക്കും എന്റെ പാപത്തിനുമിടക്ക് ഉദയഗിരിക്കും അസ്ത മനഗിരിക്കും ഇടയിലെന്ന പോലെ നീ അകറ്റേ ണമേ! അല്ലാഹുവേ! അലസതയിൽ നിന്നും പാപങ്ങളിൽ നിന്നും കടം കൊണ്ട് വലയുന്ന തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ”

(45) اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ وَالْكَسَلِ، وَالْجُبْنِ وَالْهَرَمِ والْبُخْلِ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ

“അല്ലാഹുവേ! അശക്തി, അലസത, അധൈര്യം, വാർധക്യം, ലുബ്ധ് മുതലായവയിൽ നിന്നും

ഞാൻ നിന്നോട് രക്ഷ തേടുന്നു. ഖബ്ർ ശിക്ഷ യിൽ നിന്നും ജീവിതത്തിലെ പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ''

(46) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ، وَدَرَكِ الشَّقَاءِ، وَسُوءِ الْقَضَاءِ، وَشَمَاتَةِ الْأَعْدَاءِ

“അല്ലാഹുവേ പരീക്ഷണത്തിന്റെ കാഠിന്യ ത്തിൽ നിന്നും നിർഭാഗ്യം പിടികൂടുന്നതിൽ നി ന്നും മോശപ്പെട്ട വിധിക്ക് വിധേയമാകുന്നതിൽ നിന്നും എന്റെ ദു:ഖം ശത്രുവിനെ സന്തോഷിപ്പി ക്കുന്നതിൽ നിന്നും നിന്നോട് രക്ഷ തേടുന്നു. ''

(47) اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي، وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي، وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي، وَاجْعَلِ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ، وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ

“എന്റെ കാര്യത്തിൽ സുരക്ഷിതത്വം നൽകുന്ന എന്റെ ദീനിനെ നീ നന്നാക്കേണമേ! എന്റെ ജീവിതം നിലനിൽക്കുന്ന എന്റെ ദുനിയാവിനെ യും നീ നന്നാക്കേണമേ. എനിക്കു മടങ്ങിച്ചെ ല്ലാനുള്ള എന്റെ പരലോകത്തേയും നീ നന്നാ ക്കേണമേ. എന്റെ ജീവിതത്തെ എനിക്ക് നന്മ

വർദ്ധിപ്പിക്കുന്ന തരത്തിൽ ആക്കിത്തീർക്കേണ മേ. മരണത്തെ നീ എനിക്ക് എല്ലാ നാശങ്ങളിൽ നിന്നുമുള്ള ആശ്വാസമാക്കി തീർക്കേണമേ. ''

(48) اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى، وَالتُّقَى، وَالْعَفَافَ، وَالْغِنَى

“അല്ലാഹുവേ ഞാൻ നിന്നോട് സന്മാർഗ്ഗവും ഭക്തിയും പാതിവൃത്യവും ധന്യതയും ചോദി ക്കുന്നു''.

(49) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْبُخْلِ وَالْهَرَمِ وَعَذَابِ الْقَبْرِ

اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلَاهَا

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ وَمِنْ قَلْبٍ لَا يَخْشَعُ وَمِنْ نَفْسٍ لَا تَشْبَعُ وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا

“അല്ലാഹുവേ അശക്തി, അലസത അധൈര്യം ലുബ്ധ്, വാർദ്ധക്യം, ഖബ്ർ ശിക്ഷ മുതലായവ യിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ എന്റെ ആത്മാവിന് നീ അതിന്റെ

തഖ്‌വ നൽകേണമേ! അതിനെ നിനക്കാണ് ഏറ്റ വും നന്നായി സംസ്കരിക്കാൻ കഴിയുക. നീയാ ണതിന്റെ രക്ഷാധികാരിയും ഉടമസ്ഥനും അല്ലാ ഹുവേ! ഉപകാരമില്ലാത്ത വിജ്ഞാനം, ദൈവഭയ മില്ലാത്ത ഹൃദയം, വിശപ്പടങ്ങാത്ത ശരീരം, ഉത്തരം ലഭിക്കാത്ത പ്രാർത്ഥന എന്നിവയിൽ നിന്നും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു. ''

(50) اللَّهُمَّ اهْدِنِي، وَسَدِّدْنِي، اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالسَّدَادَ

''അല്ലാഹുവേ! നീ എന്നെ സന്മാർഗ്ഗത്തിൽ ചേർ ക്കേണമേ! നീ എന്നെ നേരെയാക്കേണമേ! അല്ലാഹുവേ! ഞാൻ നിന്നോട് സൻമാർഗ്ഗവും നേരായ പാതയും ചോദിക്കുന്നു.''

(51) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ، وَتَحَوُّلِ عَافِيَتِكَ، وَفُجَاءَةِ نِقْمَتِكَ، وَجَمِيعِ سَخَطِكَ

''അല്ലാഹുവേ! നിന്റെ അനുഗ്രഹം ഇല്ലാതായി പ്പോകുന്നതിൽ നിന്നും സൗഖ്യം നീങ്ങിപ്പോകു ന്നതിൽ നിന്നും പൊടുന്നനെ നിന്റെ ശിക്ഷ വന്നു ചേരുന്നതിൽ നിന്നും നിന്റെ എല്ലാ കോപങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.''

(52) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ، وَمِنْ شَرِّ مَا لَمْ أَعْمَلْ

"അല്ലാഹുവേ! ഞാൻ പ്രവർത്തിച്ചതിന്റെ ദോഷത്തിൽ നിന്നും ഞാൻ പ്രവർത്തിക്കാത്തതിന്റെ ദോഷത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. "

(53) اللَّهُمَّ أَكْثِرْ مَالِي، وَوَلَدِي، وَبَارِكْ لِي فِيمَا أَعْطَيْتَنِي وَأَطِلْ حَيَاتِي عَلَى طَاعَتِكَ، وَأَحْسِنْ عَمَلِي وَاغْفِرْ لِي

"അല്ലാഹുവേ എന്റെ ധനവും സന്തതികളും വർദ്ധിപ്പിച്ചു തരേണമേ! നീ എനിക്ക് നൽകിയതിൽ നീ അനുഗ്രഹം ചൊരിയേണമേ. നിന്റെ അനുസരണത്തിലായിക്കൊണ്ട് എനിക്ക് നീ ജിവിതം നീട്ടിത്തരേണമേ! നീ എന്റെ കർമ്മങ്ങളെ നന്നാക്കേണമേ. നീ എനിക്ക് പൊറുത്തു തരേണമേ. "

(54) لَا إِلَهَ إِلَّا اللَّهُ الْعَظِيمُ الْحَلِيمُ، لَا إِلَهَ إِلَّا اللَّهُ رَبُّ الْعَرْشِ الْعَظِيمِ، لَا إِلَهَ إِلَّا اللَّهُ رَبُّ السَّمَوَاتِ، وَرَبُّ الْأَرْضِ، وَرَبُّ الْعَرْشِ الْكَرِيمِ

“മഹാനും സഹനശീലനുമായ അല്ലാഹുവല്ലാതെ ആരാധ്യനില്ല. മഹത്തായ സിംഹാസനത്തിന്റെ ഉടമയായ അല്ലാഹുവല്ലാതെ ആരാധ്യനില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും ആദരണീയ സിംഹാസനത്തിന്റെയും രക്ഷിതാവായ അല്ലാഹുവല്ലാതെ ആരാധ്യനില്ല.”

(55) اللَّهُمَّ رَحْمَتَكَ أَرْجُو فَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ، وَأَصْلِحْ لِي شَأْنِي كُلَّهُ لَا إِلَهَ إِلَّا أَنْتَ

“അല്ലാഹുവേ! ഞാൻ നിന്റെ കാരുണ്യം കൊതിക്കുന്നു. ഒരു നിമിഷം പോലും നീ എന്നെ എന്നിലേക്ക് തന്നെ ഏൽപ്പിക്കരുതേ. നീ എന്റെ എല്ലാ കാര്യങ്ങളും നേരെയാക്കേണമേ. നീയല്ലാതെ വേറെ ഒരാരാധ്യനുമില്ല.”

(56) اللَّهُمَّ إِنِّي عَبْدُكَ، وابْنُ عَبْدِكَ، وابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَدًا مِنْ خَلْقِكَ، أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ، أَنْ تَجْعَلَ الْقُرْآنَ

رَبِيعَ قَلْبِي، وَنُورَ صَدْرِي، وَجَلَاءَ حُزْنِي، وَذَهَابَ هَمِّي

“അല്ലാഹുവേ ! ഞാൻ നിന്റെ അടിമയും അടിമയുടെയും അടിയാത്തിയുടെയും മകനുമാണ്. എന്റെ മൂർദ്ധാവ് നിന്റെ പിടിയിലാണ്. നിന്റെ എല്ലാ വിധിയും നീതിപരമാണ്. നീ നിനക്ക് വെച്ചതും നീ നിന്റെ ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചതും നിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും പഠിപ്പിച്ചു കൊടുത്തതും നിന്റെ സ്വന്തമായ ഇൽമുൽ ഗൈബിൽ സൂക്ഷിച്ചതുമായ നിന്റെ മുഴുവൻ നാമങ്ങൾ കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു. ഖുർആനിനെ എന്റെ ഹൃദയത്തിന്റെ വസന്തവും, മനസ്സിന് പ്രകാശവും ആക്കേണമേ! എന്റെ മനസ്സിന്റെ ദുഃഖം മാറ്റാനുള്ള വസ്തുവാക്കേണമേ. ”

(57) اللَّهُمَّ مُصَرِّفَ الْقُلُوبِ صَرِّفْ قُلُوبَنَا عَلَى طَاعَتِكَ

“ഹൃദയങ്ങളെ മാറ്റിമറിക്കുന്ന അല്ലാഹുവേ നീ ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ അനുസരണത്തിലാക്കിത്തീർക്കേണമേ ”

(58) يَا مُقَلِّبَ الْقُلُوبِ ثَبِّت قَلْبِي عَلَى دِينِكَ

“ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ! എന്റെ മന

സ്സിനെ നീ നിന്റെ ദീനിൽ അടിയുറപ്പിച്ചു നിർത്തേണമേ''

(59) اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالآخِرَةِ

"അല്ലാഹുവേ! ഞാൻ നിന്നോട് ഇഹത്തിലും പരത്തിലും സൗഖ്യം ചോദിക്കുന്നു''.

(60) اللَّهُمَّ أَحْسِنْ عَاقِبَتَنَا فِي الأُمُورِ كُلِّهَا، وَأَجِرْنَا مِنْ خِزْيِ الدُّنْيَا وَعَذَابِ الآخِرَةِ

"അല്ലാഹുവേ! എല്ലാ കാര്യങ്ങളിലും നീ ഞങ്ങളുടെ പരിണിതി നന്നാക്കേണമേ. ഇഹത്തിലെ നിന്ദ്യതയിൽ നിന്നും പരലോകത്തെ ശിക്ഷയിൽ നിന്നും നീ ഞങ്ങൾക്ക് അഭയം നൽകേണമേ''.

(61) رَبِّ أَعِنِّي وَلَا تُعِنْ عَلَيَّ، وَانْصُرْنِي وَلَا تَنْصُرْ عَلَيَّ، وَامْكُرْ لِي وَلَا تَمْكُرْ عَلَيَّ، وَاهْدِنِي وَيَسِّرِ الهُدَى إِلَيَّ، وَانْصُرْنِي عَلَى مَنْ بَغَى عَلَيَّ، رَبِّ اجْعَلْنِي لَكَ شَكَّارًا، لَكَ ذَكَّارًا، لَكَ رَهَّابًا، لَكَ مِطْوَاعًا، إِلَيْكَ مُخْبِتًا أَوَّاهاً مُنِيبًا، رَبِّ تَقَبَّلْ تَوْبَتِي، وَاغْسِلْ حَوْبَتِي، وَأَجِبْ دَعْوَتِي، وَثَبِّتْ حُجَّتِي، وَاهْدِ قَلْبِي، وَسَدِّدْ

لِسَانِي، وَاسْلُلْ سَخِيمَةَ قَلْبِي

“അല്ലാഹുവേ! നീ എന്നെ തുണക്കേണമേ! എനിക്കെതിരെ നീ തുണക്കരുതേ! നീ എന്നെ സഹായിക്കേണമേ, എനിക്കെതിരെ നീ സഹായിക്കരുതേ. എനിക്കനുകൂലമായി നീ തന്ത്രം പ്രയോഗിക്കേണമേ! എനിക്കെതിരെ നീ തന്ത്രം പ്രയോഗിക്കരുതേ, നീ എന്നെ നേർമാർഗ്ഗത്തിൽ ചേർക്കേണമേ. എനിക്ക് മാർഗ്ഗം എളുപ്പമാക്കിത്തരേണമേ! എന്റെ മേൽ ആക്രമണം അഴിച്ചു വിടുന്നവനെതിരെ നീ എന്നെ സഹായിക്കേണമേ നിനക്ക് ധാരാളം നന്ദി ചെയ്യുന്നവനും നിന്നെ ധാരാളമായി ഓർക്കുന്നവനും നിന്നെ ധാരാളമായി ഭയപ്പെടുന്നവനും നിന്നെ അനുസരിക്കുന്നവനും നിന്നിലേക്ക് ആശ്രയിക്കുന്നവനും നിന്നോടടുത്തവനുമാക്കേണമേ! എന്റെ നാഥാ! നീ എന്റെ തൗബ സ്വീകരിക്കേണമേ! നീ എന്റെ പാപം കഴുകേണമേ, എന്റെ പ്രാർത്ഥനക്ക് നീ ഉത്തരം നൽകേണമേ, നീ എന്റെ ന്യായം ഉറപ്പിക്കേണമേ, എന്റെ ഹൃദയത്തിന് നീ സന്മാർഗം നൽകേണമേ, എന്റെ നാവിനെ നേരെയാക്കേണമേ! എന്റെ ഹൃദയത്തിന്റെ പക നീ നീക്കിത്തരേണമേ”

(62) اللَّهُمَّ إِنَّا نَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ مِنْهُ نَبِيُّكَ

مُحَمَّدٌ صلى الله عليه وسلم وَنَعُوذُ بِكَ مِنْ شَرِّ مَا اسْتَعَاذَ مِنْهُ نَبِيُّكَ مُحَمَّدٌ صلى الله عليه وسلم وَأَنْتَ الْمُسْتَعَانُ، وَعَلَيْكَ الْبَلَاغُ، وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ

“അല്ലാഹുവേ ! നിന്റെ ദൂതൻ മുഹമ്മദ് നിന്നോട് ചോദിച്ച നന്മ ഞങ്ങൾ നിന്നോട് ചോദിക്കുന്നു. നിന്റെ ദൂതൻ മുഹമ്മദ് നിന്നോട് കാവൽ തേടിയ തിന്മയിൽ നിന്ന് ഞങ്ങൾ നിന്നോട് കാവൽ ചോദിക്കുന്നു. നീയാണ് സഹായം തേടപ്പെടുന്നവൻ. അത് എത്തിക്കേണ്ട ബാധ്യത നിനക്കാണ്. അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ശേഷിയുമില്ല തന്നെ ’’

(63) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ سَمْعِي، وَمِنْ شَرِّ بَصَرِي، وَمِنْ شَرِّ لِسَانِي، وَمِنْ شَرِّ قَلْبِي

അല്ലാഹുവേ! എന്റെ കേൾവിയുടെ ദോഷത്തിൽ നിന്നും എന്റെ കാഴ്ചയുടെ ദോഷത്തിൽ നിന്നും, എന്റെ നാവിന്റെ ദോഷത്തിൽ നിന്നും, എന്റെ ഹൃദയത്തിന്റെ ദോഷത്തിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു

(64) اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبَرَصِ، وَالْجُنُونِ،

وَالْجُذَامِ، وَمِنْ سَيِّئِ الأَسْقَامِ

“അല്ലാഹുവേ! കുഷ്ഠം, ഭ്രാന്ത്, വെള്ളപ്പാണ്ട് തുടങ്ങിയ എല്ലാ മോശപ്പെട്ട രോഗങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ”

(65) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الْأَخْلَاقِ، وَالْأَعْمَالِ، وَالْأَهْوَاءِ

“അല്ലാഹുവേ! നിഷിദ്ധമായ സ്വാഭാവ കർമ്മങ്ങളും ദുഷിച്ച ഇച്ഛകളും വന്നു പോകുന്നതിൽ നിന്ന് ഞാൻ നിന്നോട് കാവൽ തേടുന്നു . ”

(66) اللَّهُمَّ إِنَّكَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي

“അല്ലാഹുവേ നിശ്ചയം നീ മാപ്പ് നൽകുന്നവനും മാപ്പു നൽകാൻ ഇഷ്ടപ്പെടുന്നവനുമാണല്ലോ. അതിനാൽ എനിക്ക് നീ മാപ്പ് നൽകേണമേ”

(67) اللَّهُمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ، وَتَرْكَ الْمُنْكَرَاتِ، وَحُبَّ الْمَسَاكِينِ، وَأَنْ تَغْفِرَ لِي، وَتَرْحَمَنِي، وَإِذَا أَرَدْتَ فِتْنَةَ قَوْمٍ فَتَوَفَّنِي غَيْرَ مَفْتُونٍ، وَأَسْأَلُكَ حُبَّكَ، وَحُبَّ

مَنْ يُحِبُّكَ، وَحُبَّ عَمَلٍ يُقَرِّبُنِي إِلَى حُبِّكَ

“അല്ലാഹുവേ നന്മകൾ ചെയ്യാനും തിന്മകൾ വെടിയാനും സാധുക്കളെ സ്നേഹിക്കാനുമുള്ള ഉതവി ഞാൻ നിന്നോട് ചോദിക്കുന്നു. നീ എനിക്ക് പൊറുത്തു തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ. പടച്ചവനെ നീ ഒരു ജനതയെ പരീക്ഷണത്തി(നാശത്തി)ലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ എന്നെ ആ നാശത്തിൽ പെടുത്താതെ മരിപ്പിക്കേണമേ, നിന്റെ സ്നേഹവും നിന്നെ സ്നേഹിക്കുന്നവരോടുള്ള സ്നേഹവും നിന്റെ സ്നേഹത്തിലേക്ക് അടുപ്പിക്കുന്ന കർമ്മങ്ങളോടുള്ള സ്നേഹവും ഞാൻ നിന്നോട് ചോദിക്കുന്നു.”

(68) اللَّهُمَّ إِنِّي أَسْأَلُكَ مِنَ الْخَيْرِ كُلِّهِ، عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ، وَأَعُوذُ بِكَ مِنَ الشَّرِّ كُلِّهِ، عَاجِلِهِ وَآجِلِهِ، مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ، اللَّهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ عَبْدُكَ وَنَبِيُّكَ، وَأَعُوذُ بِكَ مِنْ شَرِّ مَا عَاذَ بِهِ عَبْدُكَ وَنَبِيُّكَ، اللَّهُمَّ إِنِّي أَسْأَلُكَ الْجَنَّةَ، وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ،

وَأَعُوذُ بِكَ مِنَ النَّارِ، وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ، وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ قَضَيْتَهُ لِي خَيْرًا

“അല്ലാഹുവേ! എനിക്കറിയുന്നതും അറിയാത്ത തും ക്ഷണികവും അല്ലാത്തതുമായ എല്ലാ നന്മ യും ഞാൻ നിന്നോട് ചോദിക്കുന്നു. എനിക്കറി യുന്നതും അറിയാത്തതും ക്ഷണികവും അല്ലാ ത്തതുമായ സകല തിന്മകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ നിന്നോട് നിന്റെ ദാസനും ദൂതനുമായ നബി രക്ഷ തേടിയ തിന്മയിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ! ഞാൻ നിന്നോട് സ്വർ ഗ്ഗവും അതിലേക്ക് അടുപ്പിക്കുന്ന വാക്കും പ്രവർത്തിയും ചോദിക്കുന്നു. നരകത്തിൽ നി ന്നും നരകത്തോടടുപ്പിക്കുന്ന വാക്കിൽ നിന്നും പ്രവർത്തിയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. നീ വിധിച്ച എല്ലാ വിധിയും എനിക്ക് നന്മയാക്കി തീർക്കേണമേ”

(69) اللَّهُمَّ احْفَظْنِي بِالإِسْلاَمِ قَائِماً، وَاحْفَظْنِي بِالإِسْلاَمِ قَاعِداً، وَاحْفَظْنِي بِالإِسْلاَمِ رَاقِداً، وَلَا تُشْمِتْ بِي عَدُوًّا وَلَا حَاسِداً. اللَّهُمَّ إِنِّي أَسْأَلُكَ مِنْ كُلِّ خَيْرٍ

خَزَائِنُهُ بِيَدِكَ، وَأَعُوذُ بِكَ مِنْ كُلِّ شَرٍّ خَزَائِنُهُ بِيَدِكَ

“അല്ലാഹുവേ നിർത്തത്തിലും ഇരുത്തത്തിലും ഉറക്കത്തിലുമെല്ലാം ഇസ്‌ലാം കൊണ്ട് നീ എന്നെ സംരക്ഷിക്കേണമേ. എന്നെക്കൊണ്ട് എന്റെ ശത്രുവിനെയോ അസൂയക്കാരനെയോ സന്തോഷിപ്പിക്കരുതേ. അല്ലാഹുവേ! നിന്റെ കൈയിലുള്ള നന്മകളുടെ ഖജനാവിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു. നിന്റെ കരങ്ങളിലുള്ള നാശത്തിന്റെ ഖജനാവുകളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. ”

(70) اللَّهُمَّ اقْسِمْ لَنَا مِنْ خَشْيَتِكَ مَا تَحُولُ بِهِ بَيْنَنَا وَبَيْنَ مَعَاصِيكَ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَكَ، وَمِنَ الْيَقِينِ مَا تُهَوِّنُ بِهِ عَلَيْنَا مَصَائِبَ الدُّنْيَا، اللَّهُمَّ مَتِّعْنَا بِأَسْمَاعِنَا، وَأَبْصَارِنَا، وَقُوَّاتِنَا مَا أَحْيَيْتَنَا، وَاجْعَلْهُ الْوَارِثَ مِنَّا، وَاجْعَلْ ثَأْرَنَا عَلَى مَنْ ظَلَمَنَا، وَانْصُرْنَا عَلَى مَنْ عَادَانَا، وَلَا تَجْعَلْ مُصِيبَتَنَا فِي دِينِنَا، وَلَا تَجْعَلِ الدُّنْيَا أَكْبَرَ هَمِّنَا، وَلَا مَبْلَغَ عِلْمِنَا، وَلَا تُسَلِّطْ عَلَيْنَا مَنْ لَا يَرْحَمُنَا

“അല്ലാഹുവേ ഞങ്ങൾക്കും നിന്നോട് തെറ്റു

ചെയ്യുന്നതിനുമിടക്ക് മറയിടുന്ന തരത്തിൽ നിന്നോടുള്ള ഭയം ഞങ്ങൾക്ക് നീ നൽകേണ മേ. നിന്റെ സ്വർഗം നേടിത്തരുന്ന തരത്തിൽ നിന്നോടുള്ള അനുസരണവും ദുൻയാവിലെ വിഷമങ്ങൾ ലഘൂകരിച്ചു തരുന്ന വിശ്വാസ ദാർഢ്യതയും ഞങ്ങൾക്ക് നീ നൽകേണമേ. അല്ലാഹുവേ! നീ ഞങ്ങളുടെ കണ്ണുകളെയും കാതുകളെയും ശക്തിയെയും കൊണ്ട് ഞങ്ങൾ ജീവിക്കുന്നിടത്തോളം കാലം സുഖിപ്പിക്കേണ മേ. അതിനെ ഞങ്ങളിൽ നിന്നുള്ള അനന്തരാവ കാശിയാക്കേണമേ. ഞങ്ങളോട് അക്രമം കാ ണിച്ചവർക്കു മീതെ ഞങ്ങളുടെ പ്രതികാരത്തെ ആക്കേണമേ. ഞങ്ങളുടെ ശത്രുക്കൾക്കെതിരെ ഞങ്ങളെ നീ സഹായിക്കേണമേ. ഞങ്ങളുടെ മതത്തിൽ നീ ഞങ്ങളെ പരീക്ഷണത്തിലകപ്പെ ടുത്തരുതേ (വിഷമിപ്പിക്കരുതേ) ദുൻയാവിനെ ഞങ്ങളുടെ മുഖ്യോദ്ദേശ്യവും ഞങ്ങളുടെ വി ജ്ഞാനത്തിന്റെ ലക്ഷ്യവും ആക്കരുതേ. ഞങ്ങ ളോട് കരുണ കാണിക്കാത്തവരെ ഞങ്ങൾക്ക് മീതെ ആധിപത്യമേൽപ്പിക്കരുതേ''

(71) اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ البُخْلِ، وَأَعوذُ بِكَ مِنَ الجُبْنِ، وَأَعُوذُ بِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ العُمُرِ، وَأَعُوذُ

بِكَ مِنْ فِتْنَةِ الدُّنْيَا، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ

“അല്ലാഹുവേ! ലുബ്ധ്, ഭീരുത്വം എന്നിവയിൽ നിന്നും പടുവാർധക്യത്തിലേക്ക് തള്ളപ്പെടുന്ന തിൽ നിന്നും ദുൻയാവിലെ പരീക്ഷണത്തിൽ നിന്നും ഖബ്ർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു ”

(72) اللَّهُمَّ اغْفِرْ لِي خَطِيئَتِي، وَجَهْلِي، وَإِسْرَافِي فِي أَمْرِي، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، اللَّهُمَّ اغْفِرْ لِي هَزْلِي وَجِدِّي، وَخَطَئِي، وَعَمْدِي، وَكُلُّ ذَلِكَ عِنْدِي

അല്ലാഹുവേ! എന്റെ പാപവും എന്റെ അജ്ഞ തയും കാര്യങ്ങളിലുള്ള പരിധി ലംഘനവും നി നക്ക് എന്നേക്കാൾ അറിവുള്ള, എന്റെ മറ്റു തെ റ്റുകളും നീ എനിക്ക് പൊറുത്തു തരേണമേ. അ ല്ലാഹുവേ! എന്റെ കളി തമാശകളും, എന്റെ കാര്യങ്ങളും, മനഃപൂർവ്വമുള്ളതും അല്ലാത്തതു മായ എന്റെ മുഴുവൻ തെറ്റുകളും നീ എനിക്ക് പൊറുത്തു തരേണമേ, അവയെല്ലാം എന്റെ പക്കലുണ്ട്

(73) اللَّهُمَّ اغْفِرْ لِي، وَارْحَمْنِي، وَاهْدِنِي، وَعَافِنِي، وَارْزُقْنِي

“അല്ലാഹുവേ! നീ എനിക്ക് പൊറുത്തു തരി

കയും എന്നോട് കരുണ കാണിക്കുകയും എന്നെ സന്മാർഗ്ഗത്തിൽ ചേർക്കുകയും എനിക്ക് സൗഖ്യം നൽകുകയും എനിക്ക് ഭക്ഷണം നൽകുകയും ചെയ്യേണമേ. ''

(74) اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا، وَلَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ. فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ، وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

''അല്ലാഹുവേ! ഞാൻ എന്നോട് ധാരാളം തെറ്റുകൾ ചെയ്തിട്ടുണ്ട്. നീയല്ലാതെ പാപം പൊറുക്കുന്നവനില്ല അതിനാൽ എനിക്ക് നിന്റെ പക്കൽ നിന്നുള്ള പാപമോചനം നൽകുകയും എന്നോട് നീ കരുണ കാണിക്കുകയും ചെയ്യേണമേ. നിശ്ചയം നീ ധാരാളം പൊറുക്കുന്നവനും കരുണ ചെയ്യുന്നവനുമാണല്ലോ . ''

(75) اللَّهُمَّ لَكَ أَسْلَمْتُ، وَبِكَ آمَنْتُ، وَعَلَيْكَ تَوَكَّلْتُ، وَإِلَيْكَ أَنَبْتُ، وَبِكَ خَاصَمْتُ .اللَّهُمَّ إِنِّي أَعُوذُ بِعِزَّتِكَ لَا إِلَهَ إِلَّا أَنْتَ أَنْ تُضِلَّنِي، أَنْتَ الْحَيُّ الَّذِي لَا يَمُوتُ، وَالْجِنُّ وَالْإِنْسُ يَمُوتُونَ

''അല്ലാഹുവേ! ഞാനിതാ നിനക്ക് കീഴ്പെട്ട്

മുസ്ലിമായിരിക്കുന്നു. ഞാൻ നിന്നിൽ വിശ്വസിക്കുകയും നിന്നിൽ ഭരമേൽപ്പിക്കുകയും നിന്നിലേക്ക് ഖേദിച്ചു മടങ്ങുകയും നിന്നെ കൊണ്ട് ഞാൻ തർക്കിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവേ! നീ എന്നെ വഴി തെറ്റിക്കുന്നതിൽ നിന്ന് നിന്റെ പ്രതാപം കൊണ്ട് ഞാൻ കാവൽ ചോദിക്കുന്നു. നീയല്ലാതെ ഒരാരാധ്യനില്ല. നീയാണല്ലോ മരിക്കാതെ ജീവിക്കുന്നവൻ. ജിന്നുകളും മനുഷ്യരുമൊക്കെ മരിക്കുന്നതാണ് . ''

(76) اللَّهُمَّ إِنَّا نَسْأَلُكَ مُوجِبَاتِ رَحْمَتِكَ، وَعَزَائِمَ مَغْفِرَتِكَ، وَالسَّلامَةَ مِنْ كُلِّ إِثْمٍ، وَالغَنِيمَةَ مِنْ كُلِّ بِرٍّ، وَالفَوْزَ بِالجَنَّةِ، والنَّجَاةَ مِنَ النَّارِ

''അല്ലാഹുവേ! നിന്റെ കാരുണ്യത്തിന്റെ അനിവാര്യതയും നിന്റെ പക്കൽ നിന്നുള്ള പാപമോചനത്തിന്റെ നിശ്ചയ ദാർഢ്യവും എല്ലാ പാപങ്ങളിൽ നിന്നുമുള്ള സുരക്ഷിതത്വവും എല്ലാ പുണ്യങ്ങളുടെയും ലബ്ധിയും സ്വർഗ പ്രാപ്തിയും നരകവിമുക്തിയും ഞങ്ങൾ നിന്നോട് ചോദിക്കുന്നു. ''

(77) اللَّهُمَّ اجْعَلْ أَوْسَعَ رِزْقِكَ عَلَيَّ عِنْدَ كِبَرِ سِنِّي وَانْقِطَاعِ عُمْرِي

“അല്ലാഹുവേ! എനിക്ക് പ്രായമാകുമ്പോഴും ആയുസ്സ് അവസാനിക്കുമ്പോഴും നിന്റെ വിശാലമായ വിഭവങ്ങൾ എനിക്ക് നൽകേണമേ. ”

(78) اللَّهُمَّ اغْفِرْ لِي ذَنْبِي، وَوَسِّعْ لِي فِي دَارِي، وَبَارِكْ لِي فِي رِزْقِي

“അല്ലാഹുവേ, എനിക്ക് എന്റെ പാപങ്ങൾ പൊറുത്തു തരികയും എന്റെ ഭവനം വിശാലമാക്കിത്തരികയും എന്റെ വിഭവങ്ങളിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ .”

(79) اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ وَرَحْمَتِكَ، فَإِنَّهُ لاَ يَمْلِكُهَا إِلاَّ أَنْتَ

“അല്ലാഹുവേ! ഞാൻ നിന്റെ അനുഗ്രഹങ്ങളിൽ നിന്നും കാരുണ്യത്തിൽ നിന്നും ചോദിക്കുന്നു. കാരണം, അവയെ നീ മാത്രമാണ് ഉടമപ്പെടുത്തുന്നത്.

(80) اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ التَّرَدِّي وَالْهَدْمِ وَالْغَرَقِ وَالْحَرِيقِ ، وَأَعُوذُ بِكَ أَنْ يَتَخَبَّطَنِي الشَّيْطَانُ عِنْدَ الْمَوْتِ ، وَأَعُوذُ بِكَ أَنْ أَمُوتَ فِي

سَبِيلِكَ مُدْبِرًا ، وَأَعُوذُ بِكَ أَنْ أَمُوتَ لَدِيغًا

“ അല്ലാഹുവേ! (മേലെ നിന്ന്) മറിഞ്ഞ് വീണും (കെട്ടിടം) തകർന്നു വീണും, വെള്ളത്തിൽ മുങ്ങിയും തീയിൽപെട്ടും മരണം സംഭവിക്കുന്നതിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. മരണനേരത്ത് പിശാച് പിടികൂടുന്നതിൽ നിന്നും നിന്റെ മാർഗ്ഗത്തിൽ നിന്ന് പിന്തിരിഞ്ഞവനായി മരിക്കുന്നതിൽ നിന്നും വിഷ ജന്തുക്കൾ കൊത്തി മരിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. ”

(81) اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخِيَانَةِ؛ فَإِنَّهَا بِئْسَتِ الْبِطَانَةُ

“അല്ലാഹുവേ ! വഞ്ചനയിൽ നിന്ന് ഞാൻ നിന്നോട് കാവൽ തേടുന്നു. കാരണം അത് മോശപ്പെട്ട രഹസ്യക്കാരനാണ്. ”

(82) اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ، وَالْكَسَلِ، وَالْجُبْنِ، وَالْبُخْلِ، وَالْهَرَمِ، وَالْقَسْوَةِ، وَالْغَفْلَةِ، وَالْعَيْلَةِ، وَالذِّلَّةِ، وَالْمَسْكَنَةِ، وَأَعُوذُ بِكَ مِنَ الْفَقْرِ، وَالْكُفْرِ، وَالشِّرْكِ، وَالْفُسُوقِ، وَالشِّقَاقِ، وَالنِّفَاقِ، وَالسُّمْعَةِ،

وَالرِّياءِ، وَأَعُوذُ بِكَ مِنَ الصَّمَمِ، وَالْبُكْمِ، وَالْجُنُونِ، وَالْجُذَامِ، وَالْبَرَصِ، وَسَيِّءِ الْأَسْقامِ

“അല്ലാഹുവേ! അശക്തി, അലസത, അധൈര്യം, ലുബ്ധ്, വാർധക്യം, പാരുഷ്യം, അശ്രദ്ധ, നിന്ദ്യത, ഹീനത എന്നിവയിൽ നിന്നും മറ്റുള്ളവർക്ക് ഞാനൊരു ഭാരമായിത്തീരുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ദാരിദ്യം, അവിശ്വാസം അധർമം, ഭിന്നത, കാപട്യം, ലോകമാന്യത, കീർത്തി, മോഹം മുതലായവയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഊമത, ബധിരത, ഭ്രാന്ത്, കുഷ്ഠം, വെള്ളപ്പാണ്ട്, മറ്റ് മോശപ്പെട്ട രോഗങ്ങൾ എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നോട് രക്ഷ തേടുന്നു”

(83) اللّهُمَّ إِنِّي أَعُوذُ بِكَ مِنَ الْفَقْرِ، وَالْقِلَّةِ، وَالذِّلَّةِ، وَأَعُوذُ بِكَ مِنْ أَنْ أَظْلِمَ أَوْ أُظْلَمَ

“അല്ലാഹുവേ! ദാരിദ്ര്യത്തിൽ നിന്നും ദൗർലഭ്യത്തിൽ നിന്നും നിന്ദ്യതയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഞാൻ (മറ്റാരോടെങ്കിലും) അക്രമം പ്രവർത്തിക്കുന്നതിൽ നിന്നും ഞാൻ അക്രമിക്കപ്പെടുന്നതിൽ നിന്നും നിന്നോട് രക്ഷ തേടുന്നു. ”

(84) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَارِ السُّوءِ فِي دَارِ الْمُقَامَةِ؛ فَإِنَّ جَارَ الْبَادِيَةِ يَتَحَوَّلُ

“അല്ലാഹുവേ! സ്ഥിര ഭവനത്തിൽ എനിക്ക് ചീത്ത അയൽവാസിയുണ്ടാകുന്നതിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു. കാരണം നാട്ടിലെ അയൽക്കാരൻ സ്ഥലം മാറിപ്പോകും.”

(85) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ قَلْبٍ لاَ يَخْشَعُ، ومِنْ دُعَاءٍ لاَ يُسْمَعُ، وَمِنْ نَفْسٍ لاَ تَشْبَعُ، وَمِنْ عِلْمٍ لاَ يَنْفَعُ، أَعُوذُ بِكَ مِنْ هَؤُلاَءِ الأَرْبَعِ

“അല്ലാഹുവേ! നിന്നെ ഭയമില്ലാത്ത ഹൃദയം കേൾക്കപ്പെടാത്ത പ്രാർത്ഥന, മതി വരാത്ത മനസ്സ്, ഉപകാരമില്ലാത്ത വിജ്ഞാനം, എന്നിവയിൽ നിന്ന് ഞാൻ നിന്നോട് കാവൽ തേടുന്നു. ഈ നാലു കാര്യങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു”.

(86) اللَّهُمَّ إِنِّي أَسْأَلُكَ الْجَنَّةَ وَأَسْتَجِيْرُ بِكَ مِنَ النَّارِ

അല്ലാഹുവേ! ഞാൻ നിന്നോട് സ്വർഗം ചോദി

ക്കുന്നു. നരകത്തിൽ നിന്ന് ഞാൻ നിന്നോട് അഭയം ആവശ്യപ്പെടുന്നു. ''

(87) اللَّهُمَّ فَقِّهْنِي فِي الدِّينِ

''അല്ലാഹുവേ നീ എന്നെ ദീനിൽ അഗാധ പരിജ്ഞാനമുള്ളവനാക്കേണമേ. ''

(88) اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَنَا أَعْلَمُ، وَأَسْتَغْفِرُكَ لِمَا لاَ أَعْلَمُ

''അല്ലാഹുവേ! ഞാൻ അറിഞ്ഞുകൊണ്ട് നിന്നോട് (വല്ലതിനെയും) പങ്കു ചേർക്കുന്നതിൽ നിന്ന് നിന്നോട് കാവൽ തേടുന്നു. ഞാൻ അറിയാതെ വല്ലതും (ചെയ്തു പോയിട്ടുണ്ടെങ്കിൽ) അതിൽ നിന്നും ഞാൻ പാപമോചനം തേടുകയും ചെയ്യുന്നു''

(89) اللَّهُمَّ انْفَعْنِي بِمَا عَلَّمْتَنِي، وَعَلِّمْنِي مَا يَنْفَعُنِي، وَزِدْنِي عِلْمًا

''അല്ലാഹുവേ! നീ പഠിപ്പിച്ചു തന്നതുകൊണ്ട് എനിക്ക് നീ പ്രയോജനം ചെയ്യേണമേ. എനിക്ക് പ്രയോജനമുള്ളത് നീ പഠിപ്പിച്ചു തരേണമേ. എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിക്കുകയും

ചെയ്യേണമേ''

(90) اللَّهُمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا، وَرِزْقًا طَيِّبًا، وَعَمَلًا مُتَقَبَّلًا

''അല്ലാഹുവേ! ഉപകാരപ്രദമായ അറിവും, നല്ല വിഭവവും, സ്വീകാര്യമായ കർമ്മവും ഞാൻ നിന്നോട് ചോദിക്കുന്നു''

(91) اللَّهُمَّ إِنِّي أَسْأَلُكَ يَا اللَّهُ بِأَنَّكَ الْوَاحِدُ الْأَحَدُ، الصَّمَدُ، الَّذِي لَمْ يَلِدْ وَلَمْ يُولَدْ، وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ، أَنْ تَغْفِرَ لِي ذُنُوبِي، إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

''അല്ലാഹുവേ! നീ ഏകനും നിരാശ്രയനുമാകുന്നു. നീ ജാതനോ ജനകനോ അല്ല. നീ യാതൊരുവിധ സാദൃശ്യവും ഇല്ലാത്തവനാണ്. എന്റെ പാപങ്ങൾ പൊറുത്തു തരണമെന്ന് ഞാൻ നിന്നോട് ആവശ്യപ്പെടുകയാണ്. നിശ്ചയം! നീ ധാരാളം പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.''

(92) اللَّهُمَّ إِنِّي أَسْأَلُكَ بِأَنَّ لَكَ الْحَمْدَ، لاَ إِلَهَ إِلاَّ أَنْتَ وَحْدَكَ لاَ شَرِيكَ لَكَ الْمَنَّانُ بَدِيعَ السَّمَوَاتِ

وَالأَرْضِ، يَا ذَا الْجَلالِ وَالإِكْرَامِ، يَا حَيُّ يَا قَيُّومُ، إِنِّي أَسْأَلُكَ الْجَنَّةَ وَأَعُوذُ بِكَ مِنَ النَّارِ

“അല്ലാഹുവേ! നിനക്കാണ് സർവ്വ സ്തുതിയും, നീയല്ലാതെ ഒരാരാധ്യനുമില്ല. നീ ഏകനാണ്, നിനക്ക് പങ്കുകാരില്ല. നീ ദയാലുവാണ്. ഉദാരനാണ്. ആകാശ ഭൂമികളെ മാതൃകയില്ലാതെ സൃഷ്ടിച്ചവനേ, മഹത്വവും ഔദാര്യവും ഉടയവനേ, എന്നുമെന്നും ജീവിക്കുന്നവനേ, എല്ലാവരേയും പോറ്റി വളർത്തുന്നവനേ! ഞാൻ നിന്നോട് സ്വർഗം ചോദിക്കുന്നു. നരകത്തിൽ നിന്ന് രക്ഷ തേടുകയും ചെയ്യുന്നു. ”

(93) اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْهَدُ أَنَّكَ أَنْتَ اللَّهُ لَا إِلَهَ إِلاَّ أَنْتَ، اَلْأَحَدُ، اَلصَّمَدُ، الَّذِي لَمْ يَلِدْ، وَلَمْ يُولَدْ، وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ

“അല്ലാഹുവേ! ഞാൻ നിന്നോട് ചോദിക്കുന്നു. കാരണം നീയാണ് അല്ലാഹു നീയല്ലാതെ ഒരാരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നീ ഏകനാണ്, നിരാശ്രയനാണ്, നീ ജാതനോ ജനകനോ അല്ല യാതൊന്നിനോടും യതൊരു വിധ സാദൃശ്യവും നിനക്കില്ല. ”

(94) رَبِّ اغْفِرْ لِي، وَتُبْ عَلَيَّ، إِنَّكَ أَنْتَ التَّوَّابُ الْغَفُورُ

“രക്ഷിതാവേ! നീ എനിക്ക് പൊറുത്തു തരേണമേ. എന്റെ പശ്ചാത്താപം നീ സ്വീകരിക്കേണമേ. നിശ്ചയം നീ ധാരാളം പശ്ചാത്താപം സ്വീകരിക്കുന്നവനും പൊറുക്കുന്നവനുമാണ്. ”

(95) اللَّهُمَّ بِعِلْمِكَ الْغَيْبِ، وَقُدْرَتِكَ عَلَى الْخَلْقِ، أَحْيِنِي مَا عَلِمْتَ الْحَيَاةَ خَيْرًا لِي، وَتَوَفَّنِي إِذَا عَلِمْتَ الْوَفَاةَ خَيْرًا لِي، اللَّهُمَّ إِنِّي أَسْأَلُكَ خَشْيَتَكَ فِي الْغَيْبِ وَالشَّهَادَةِ، وَأَسْأَلُكَ كَلِمَةَ الْحَقِّ فِي الرِّضَا وَالْغَضَبِ، وَأَسْأَلُكَ الْقَصْدَ فِي الْغِنَى وَالْفَقْرِ، وَأَسْأَلُكَ نَعِيماً لاَ يَنْفَدُ، وأَسْأَلُكَ قُرَّةَ عَيْنٍ لاَ تَنْقَطِعْ، وَأَسْأَلُكَ الرِّضَا بَعَدَ الْقَضَاءِ، وَأَسْأَلُكَ بَرْدَ الْعَيْشِ بَعْدَ الْمَوْتِ، وَأَسْأَلُكَ لَذَّةَ النَّظْرِ إِلَى وَجْهِكَ، وَالشَّوْقَ إِلَى لِقَائِكَ، فِي غَيْرِ ضَرَّاءَ مُضِرَّةٍ، وَلاَ فِتْنَةٍ مُضِلَّةٍ، اللَّهُمَّ زَيِّنَّا بِزِينَةِ

الإِيمَانِ، وَاجْعَلْنَا هُدَاةً مُهْتَدِينَ

"അല്ലാഹുവേ! നിന്റെ അദൃശ്യ ജ്ഞാനം കൊ-ണ്ടും സൃഷ്ടികളുടെ മേലുള്ള നിന്റെ കഴിവുകൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു. എനിക്ക് ജീവിതമാണ് ഗുണകരമെന്ന് നീ മനസ്സിലാക്കുന്ന പക്ഷം നീ എന്നെ ജീവിപ്പിക്കേണമേ. എനിക്ക് മരണമാണ് ഗുണകരമെന്ന് നീ മനസ്സിലാക്കുന്ന പക്ഷം നീ എന്നെ മരിപ്പിക്കേണമേ. അല്ലാഹുവേ! ദൃശ്യത്തിലും അദൃശ്യത്തിലുമൊക്കെ നിന്നെ ഭയപ്പെടാനുള്ള കരുത്തും തൃപ്തിയിലും അതൃപ്തിയിലും സത്യവചനം ഉരുവിടാനുള്ള ഉതവിയും ദാരിദ്ര്യത്തിലും ഐശ്വര്യത്തിലും മിതത്വം പാലിക്കാനുള്ള (കഴിവും) ഞാൻ നിന്നോട് ചോദിക്കുന്നു. തീരാത്ത അനുഗ്രഹവും മറഞ്ഞു പോവാത്ത കൺകുളിർമയും വിധിക്കു ശേഷം സംതൃപ്തിയും, മരണ ശേഷം സുഖ ജീവിതവും ഞാൻ നിന്നോട് ചോദിക്കുന്നു. നിന്റെ മുഖത്തേക്കു നോക്കാനുള്ള ദൃഷ്ടി സുഖവും യാതൊരു ഉപദ്രവവും പ്രയാസവും കൂടാതെ നിന്നെ കണ്ടുമുട്ടാനുള്ള താൽപര്യവും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ! ഞങ്ങളെ നീ ഈമാനിന്റെ അലങ്കാരംകൊണ്ട് അലങ്കരിക്കേണമേ. നീ ഞങ്ങളെ സന്മാർഗ്ഗികളും സന്മാർഗ്ഗം കാണിക്കുന്നവരുമാക്കിത്തീർക്കേണമേ. "

(96) اَللَّهُمَّ ارْزُقْنِي حُبَّكَ، وَحُبَّ مَنْ يَنْفَعُنِي حُبُّهُ عِنْدَكَ، اللَّهُمَّ مَا رَزَقْتَنِي مِمَّا أُحِبُّ فَاجْعَلْهُ قُوَّةً لِي فِيمَا تُحِبُّ، اللَّهُمَ مَا زَوَيْتَ عَنِّي مِمَّا أُحِبُّ فَاجْعَلْهُ فَرَاغاً لِي فِيمَا تُحِبُّ

“അല്ലാഹുവേ! നിന്റെ സ്നേഹവും നിന്റെ അടുക്കൽ സ്നേഹം ഉപകരിക്കപ്പെടുന്നവരോടുള്ള സ്നേഹവും നീ എനിക്ക് നൽകേണമേ. അല്ലാഹുവേ! ഞാൻ ഇഷ്ടപ്പെടുന്നതിൽ നിന്നും നീ എനിക്ക് തന്നതിനെ, നീ ഇഷ്ടപ്പെടുന്ന കാര്യത്തിലുള്ള ശക്തിയാക്കി മാറ്റേണമേ. അല്ലാഹുവേ! ഞാൻ ഇഷ്ടപ്പെടുന്നതിൽ നിന്ന് നീ എന്നിൽ നിന്നും മടക്കിയെടുത്തതിനെ നീ ഇഷ്ടപ്പെടുന്ന കാര്യത്തിൽ എനിക്കുള്ള വിടുതിയാക്കേണമേ. ”

(97) اللَّهُمَّ طَهِّرْنِي مِنَ الذُّنُوبِ وَالْخَطَايَا، اللَّهُمَّ نَقِّنِي مِنْهَا كَمَا يُنَقَّى الثَّوْبُ الْأَبْيَضُ مِنْ الدَّنَسِ، اللَّهُمَّ طَهِّرْنِي بِالثَّلْجِ وَالْبَرَدِ وَالْمَاءِ الْبَارِدِ

“അല്ലാഹുവേ! എന്നെ നീ പാപങ്ങളിൽ നിന്നും തെറ്റുകളിൽ നിന്നും ശുദ്ധീകരിക്കേണമേ. അല്ലാ

ഹുവേ! അഴുക്കിൽ നിന്നും വെള്ള വസ്ത്രം ശുദ്ധീകരിക്കുന്നതുപോലെ പാപങ്ങളിൽ നിന്നും എന്നെ നീ ശുദ്ധീകരിക്കേണമേ, അല്ലാഹുവേ! എന്നെ നീ മഞ്ഞുകൊണ്ടും ഐസുകൊണ്ടും തണുത്ത വെള്ളം കൊണ്ടും ശുദ്ധീകരിക്കേണമേ.''

(98) اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبُخْلِ، وَالْجُبْنِ، وَسُوءِ الْعُمُرِ، وَفِتْنَةِ الصَّدْرِ، وَعَذَابِ الْقَبْرِ

''അല്ലാഹുവേ! ലുബ്ധ്, അധൈര്യം പടുവാർധക്യം മനസ്സിന്റെ ഫിത്ന മുതലായവയിൽ നിന്നും ഖബ്ർ ശിക്ഷയിൽനിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. ''

(99) اللَّهُمَّ رَبَّ جِبْرَائِيلَ، وَمِيكَائِيلَ، وَرَبَّ إِسْرَافِيلَ، أَعُوذُ بِكَ مِنَ حَرِّ النَّارِ، وَمِنْ عَذَابِ الْقَبْرِ

''അല്ലാഹുവേ! ജിബ്രീലിന്റെയും മീഖാഈലിന്റെയും ഇസ്റാഫീലിന്റെയും രക്ഷിതാവായ അല്ലാഹുവേ! ഖബ്ർ ശിക്ഷയിൽ നിന്നും നരകച്ചൂടിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. ''

(100) اللَّهُمَّ أَلْهِمْنِي رُشْدِي، وَأَعِذْنِي مِنْ شَرِّ نَفْسِي

''അല്ലാഹുവേ എനിക്ക് നീ വിവേകം തോന്നി

പ്പിച്ചു തരേണമേ. എന്റെ ദേഹത്തിന്റെ ദോഷത്തിൽ നിന്ന് നീ എന്നെ കാത്തു രക്ഷിക്കേണമേ. ’’

(101) اللَّهُمَّ إِنِّي أَسْأَلُكَ عِلْمًا نَافِعًا، وَأَعُوذُ بِكَ مِنْ عِلْمٍ لاَ يَنْفَعُ

“അല്ലാഹുവേ! ഞാൻ നിന്നോട് ഉപകരിക്കുന്ന വിജ്ഞാനം ചോദിക്കുന്നു. ഉപകരിക്കാത്ത വിജ്ഞാനത്തിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുകയും ചെയ്യുന്നു. ’’

(102) اللَّهُمَّ رَبَّ السَّمَوَاتِ السَّبْعِ وَرَبَّ الْأَرْضِ، وَرَبَّ الْعَرْشِ الْعَظِيمِ، رَبَّنَا وَرَبَّ كُلِّ شَيْءٍ، فَالِقَ الْحَبِّ وَالنَّوَى، وَمُنْزِلَ التَّوْرَاةِ وَالْإِنْجِيلِ وَالْفُرْقَانِ، أَعُوذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ، اللَّهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ، وَأَنْتَ الْآخِرُ فَلَيْسَ بَعْدَكَ شَيْءٌ، وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ، وَأَنْتَ الْبَاطِنُ فَلَيْسَ دُونَكَ شَيْءٌ، اقْضِ عَنَّا الدَّيْنَ وَأَغْنِنَا مِنَ الْفَقْرِ

“ഏഴ് ആകാശങ്ങളുടെയും ഭൂമിയുടെയും മഹ ത്തായ സിംഹാസനത്തിന്റേയും ഉടമയായ അല്ലാഹുവേ! ഞങ്ങളുടെയും സകലവസ്തുക്ക ളുടേയും രക്ഷിതാവേ! വിത്തും കുരുവും പിള ർക്കുന്നവനേ! തൗറാത്തും ഇഞ്ചീലും ഖുർആ നും അവതരിപ്പിച്ചവനേ! ഏതെല്ലാം വസ്തുക്ക ളുടെ മൂർദ്ധാവ് നിന്റെ പിടിയിലാണോ അവയു ടെയെല്ലാം ദോഷത്തിൽ നിന്നും ഞാൻ നിന്നോ ട് രക്ഷ തേടുന്നു. അല്ലാഹുവേ! നീയാണ് ആദി നിനക്ക് മുമ്പ് യാതൊന്നുമില്ല. നീയാണ് അന്ത്യ ൻ. നിനക്ക് ശേഷം മറ്റൊന്നുമില്ല. നീയാണ് പ്രകടമായവൻ നിന്റെ മീതെ മറ്റൊന്നുമില്ല. നീയാണ് ആന്തരികൻ നിനക്ക് താഴെ മറ്റൊന്നു മില്ല. അതിനാൽ നീ ഞങ്ങളുടെ കടം വീട്ടിത്ത രേണമേ. ദാരിദ്ര്യത്തിൽ നിന്നും ഞങ്ങളെ നീ ഐശ്വര്യമാക്കേണമേ. ”

(103) اللَّهُمَّ أَلِّفْ بَيْنَ قُلُوبِنَا، وَأَصْلِحْ ذَاتَ بَيْنِنَا، وَاهْدِنَا سُبُلَ السَّلَامِ، وَنَجِّنَا مِنَ الظُّلُمَاتِ إِلَى النُّورِ، وَجَنِّبْنَا الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ، وَبَارِكْ لَنَا فِي أَسْمَاعِنَا، وَأَبْصَارِنَا، وَقُلُوبِنَا، وَأَزْوَاجِنَا، وَذُرِّيَّاتِنَا، وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ، وَاجْعَلْنَا

شَاكِرِينَ لِنِعَمِكَ مُثْنِينَ بِهَا عَلَيْكَ، قَابِلِينَ لَهَا، وَأَتْمِمْهَا عَلَيْنَا

“അല്ലാഹുവേ! ഞങ്ങളുടെ ഹൃദയങ്ങളെ കൂട്ടിയോജിപ്പിക്കേണമേ. ഞങ്ങൾക്കിടയിലുള്ള ബന്ധം നന്നാക്കിത്തീർക്കേണമേ. ഞങ്ങളെ നീ രക്ഷയുടെ മാർഗ്ഗത്തിലേക്ക് നയിക്കേണമേ. ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് രക്ഷപ്പെടുത്തേണമേ. പ്രത്യക്ഷവും പരോക്ഷവുമായ വൃത്തികേടുകളിൽ നിന്ന് നീ ഞങ്ങളെ അകറ്റേണമേ. നീ ഞങ്ങളുടെ കാതുകളിലും, കാഴ്ചകളിലും ഹൃദയങ്ങളിലും ഭാര്യ സന്താനങ്ങളിലും അനുഗ്രഹം ചൊരിയേണമേ. നീ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാണല്ലോ. നീ ഞങ്ങളെ നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുന്നവനും ആ അനുഗ്രഹങ്ങളുടെ പേരിൽ നിന്നെ പുകഴ്ത്തിപ്പറയുന്നവനും അവയെ സ്വീകരിക്കുന്നവനും ആക്കിത്തീർക്കേണമേ. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങൾക്ക് നീ പൂർത്തീകരിച്ചു തരേണമേ.”

(104) اَللَّهُمَّ إِنِّي أَسْأَلُكَ خَيْرَ الْمَسْأَلَةِ، وَخَيْرَ الدُّعَاءِ، وَخَيْرَ النَّجَاحِ، وَخَيْرَ الْعَمَلِ،وَخَيْرَ الثَّوَابِ،وَخَيْرَ الْحَيَاةِ،

وَخَيْرَ الْمَمَاتِ، وَثَبِّتْنِي، وَثَقِّلْ مَوَازِينِي، وَحَقِّقْ إِيمَانِي، وَارْفَعْ دَرَجَاتِي، وَتَقَبَّلْ صَلاَتِي، وَاغْفِرْ خَطِيئَتِي، وَأَسْأَلُكَ الدَّرَجَاتِ العُلاَ مِنَ الْجَنَّةِ، اللَّهُمَّ إِنِّي أَسْأَلُكَ فَوَاتِحَ الْخَيْرِ، وَخَوَاتِمَهُ، وَجَوَامِعَهُ، وَأَوَّلَهُ، وَآخِرَهُ وَظَاهِرَهُ، وَبَاطِنَهُ، وَالدَّرَجَاتِ الْعُلَا مِنَ الْجَنَّةِ آمِينْ، اللَّهُمَّ إِنِّي أَسْأَلُكَ خَيْرَ مَا آتِي، وَخَيْرَ مَا أَفْعَلُ، وَخَيْرَ مَا أَعْمَلُ، وَخَيْرَ مَا بَطَنَ، وَخَيْرَ مَا ظَهَرَ، وَالدَّرَجَاتِ العُلَا مِنَ الْجَنَّةِ آمِينْ، اللَّهُمَّ إِنِّي أَسْأَلُكَ أَنْ تَرْفَعَ ذِكْرِي، وَتَضَعَ وِزْرِي، وَتُصْلِحَ أَمْرِي، وَتُطَهِّرَ قَلْبِي، وَتُحَصِّنَ فَرْجِي، وَتُنَوِّرَ قَلْبِي، وَتَغْفِرَ لِي ذَنْبِي، وَأَسْأَلُكَ الدَّرَجَاتِ الْعُلَا مِنَ الْجَنَّةِ آمِينْ، اللَّهُمَّ إِنِّي أَسْأَلُكَ أَنْ تُبَارِكَ فِي نَفْسِي، وَفِي سَمْعِي، وَفِي بَصَرِي، وَفِي رُوحِي، وَفِي

خَلْقِي، وَفِي خُلُقِي، وَفِي أَهْلِي، وَفِي مَحْيَايَ، وَفِي مَمَاتِي، وَفِي عَمَلِي، فَتَقَبَّلْ حَسَنَاتِي، وَأَسْأَلُكَ الدَّرَجَاتِ الْعُلَا مِنَ الْجَنَّةِ، آمِينْ

"അല്ലാഹുവേ! ഞാൻ നിന്നോട് നല്ല ചോദ്യവും നല്ല പ്രാർത്ഥനയും നല്ല വിജയവും നല്ല കർമ്മവും നല്ല പ്രതിഫലവും നല്ല ജീവിതവും നല്ല മരണവും ചോദിക്കുന്നു. നീ എന്നെ ഉറപ്പിച്ചു നിർത്തേണമേ. എന്റെ നന്മയുടെ ഭാഗം നീ കനം കൂട്ടേണമേ. എന്റെ ഈമാൻ നീ യാഥാർത്ഥ്യമാക്കേണമേ. എന്റെ പദവികൾ ഉയർത്തേണമേ എന്റെ നമസ്കാരം നീ സ്വീകരിക്കേണമേ. എന്റെ പാപം നീ പൊറുത്തു തരേണമേ. അല്ലാഹുവേ സ്വർഗ്ഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ! നന്മയുടേതായ തുടക്കവും നന്മയുടേതായ ഒടുക്കവും നന്മയുടേതായ സകലതും ഞാൻ ചോദിക്കുന്നു. ആദ്യവും അന്ത്യവും ബാഹ്യവും ആന്തരികവുമെല്ലാം നന്മയുടേതായിരിക്കാൻ ഞാൻ നിന്നോട് തേടുന്നു. സ്വർഗത്തിലെ ഉന്നത സ്ഥാനങ്ങളും (ഞാൻ നിന്നോട് ചോദിക്കുന്നു). അല്ലാഹുവേ! ഞാൻ മുഖേന വരുന്ന നന്മകൾ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ! ഞാൻ ചെയ്യുന്നതും പ്രവ

ർത്തിക്കുന്നതും നല്ലതായിരിക്കാൻ ഞാൻ നിന്നോട് തേടുന്നു. സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് തേടുന്നു. അല്ലാഹുവേ! എന്റെ സ്മരണ ഉയർത്തപ്പെടാനും എന്റെ പാപം താഴ്ത്തപ്പെടാനും എന്റെ കാര്യം ശരിയാവാനും എന്റെ മനസ്സ് ശുദ്ധമാവാനും എന്റെ ഗുഹ്യാവയവം പരിരക്ഷിക്കപ്പെടാനും എന്റെ ഹൃദയം പ്രകാശിതമാകാനും എന്റെ തെറ്റുകൾ പൊറുക്കപ്പെടാനും ഞാൻ നിന്നോട് തേടുന്നു. സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ! എന്റെ ശരീരത്തിലും കേൾവിയിലും കാഴ്ചയിലും ആത്മാവിലും പ്രകൃതത്തിലും സ്വഭാവത്തിലും കർമ്മത്തിലുമെല്ലാം നീ അനുഗ്രഹം ചൊരിയേണമേ. എന്റെ സുകൃതങ്ങൾ നീ സ്വീകരിക്കേണമേ, ഞാൻ നിന്നോട് സ്വർഗ്ഗത്തിലെ ഉന്നത പദവികൾ ചോദിക്കുന്നു.''

(105) اللَّهُمَّ جَنِّبْنِي مُنْكَرَاتِ الأَخْلاقِ، وَالأَعْمَالِ، وَالأَهْوَاءِ ، وَالأَدْوَاءِ

''അല്ലാഹുവേ! വെറുക്കപ്പെട്ട സ്വഭാവം, ഇച്ഛ, കർമ്മങ്ങൾ, രോഗങ്ങൾ, മുതലായവയിൽ നിന്ന് നീ എന്നെ അകറ്റേണമേ. ''

(106) اللَّهُمَ قَنِّعْنِي بِمَا رَزَقْتَنِي، وَبَارِكْ لِي فِيهِ،

وَاخْلُفْ عَلَيَّ كُلَّ غَائِبَةٍ لِي بِخَيْرٍ

“അല്ലാഹുവേ! നീ എനിക്ക് നൽകിയതുകൊണ്ട് നീ എന്നെ തൃപ്തിപ്പെടുത്തേണമേ, അതിൽ നീ എനിക്ക് അനുഗ്രഹം ചൊരിയേണമേ. എന്നിൽ നിന്ന് മറഞ്ഞു പോയ എല്ലാറ്റിലും നീ എനിക്ക് നന്മയെ ബാക്കി വെക്കേണമേ. ”

(107) اللَّهُمَّ حَاسِبْنِي حِسَاباً يَسِيرَاً

“അല്ലാഹുവേ! എന്റെ വിചാരണ നീ ലളിതമാക്കേണമേ”

(108) اللَّهُمَّ أعِنَّا عَلَى ذِكْرِكَ، وَشُكْرِكَ، وَحُسْنِ عِبَادَتِكَ

“അല്ലാഹുവേ നിന്നെ സ്മരിക്കാനും നിനക്ക് നന്ദി ചെയ്യാനും നിനക്ക് നന്നായി ഇബാദത്ത് ചെയ്യാനും നീ ഞങ്ങളെ സഹായിക്കേണമേ. ”

(109) اللَّهُمّ إِنِّي أَسْأَلُكَ إِيمَانًا لاَ يَرْتَدُّ، وَنَعِيمًا لاَ يَنْفَدُ، وَمُرَافَقَةَ مُحَمَّدٍ صلى الله عليه وسلم فِي أَعْلَى جَنَّةِ الْخُلْدِ

“അല്ലാഹുവേ! പിന്നോക്കം പോവാത്ത ഈമാ

നും (വിശ്വാസം) വറ്റാത്ത അനുഗ്രഹവും ശാശ്വത സ്വർഗ്ഗത്തിന്റെ ഉന്നതിയിൽ മുഹമ്മദ് നബിയോടുള്ള സഹവാസവും ഞാൻ നിന്നോട് ചോദിക്കുന്നു. ''

(110) اللَّهُمَّ قِنِي شَرَّ نَفْسِي، وَاعْزِمْ لِي عَلَى أَرْشَدِ أَمْرِي، اللَّهُمَّ اغْفِرْ لِي مَا أَسْرَرْتُ، وَمَا أَعْلَنْتُ، وَمَا أَخْطَأْتُ، وَمَا عَمَدْتُ، وَمَا عَلِمْتُ، وَمَا جَهِلْتُ

''അല്ലാഹുവേ! എന്റെ ദേഹത്തിന്റെ ഉപദ്രവത്തിൽ നിന്ന് നീ എന്നെ കാത്തുരക്ഷിക്കേണമേ. ഏറ്റവും വിവേകപൂർവ്വമായ കാര്യത്തിന് നീ എനിക്ക് മനോദാർഢ്യത തരേണമേ. ഞാൻ രഹസ്യമായി ചെയ്തതും പരസ്യമായി ചെയ്തതും ഞാൻ അബദ്ധപൂർവ്വം ചെയ്തതും മനഃപൂർവ്വം ചെയ്തതും അറിഞ്ഞു ചെയ്തതും അറിയാതെ ചെയ്തതുമായ എല്ലാ പാപങ്ങളെയും എനിക്ക് നീ പൊറുത്തു തരേണമേ. ''

(111) اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ غَلَبَةِ الدَّيْنِ، وَغَلَبَةِ الْعَدُوِّ، وَشَمَاتَةِ الأَعْدَاءِ

''അല്ലാഹുവേ! കടത്തിന്റെ ആധിക്യത്തിൽ നിന്നും ശത്രുവിന്റെ മേധാവിത്വത്തിൽ നിന്നും

എതിരാളികൾക്ക് (എന്റെ നാശംമൂലം) സന്തോഷമുണ്ടാകുന്നതിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു. ”

(112) اللَّهُمَّ اغْفِرْ لِي، وَاهْدِنِي، وَارْزُقْنِي، وَعَافِنِي، أَعُوذُ بِاللَّهِ مِنْ ضِيقِ الْمَقَامِ يَوْمَ الْقِيَامَةِ

അല്ലാഹുവേ! നീ എനിക്ക് പൊറുത്തു തരേണമേ. എന്നെ നീ സന്മാർഗ്ഗത്തിലാക്കേണമേ. എനിക്ക് നീ ഭക്ഷണം നൽകേണമേ. എന്നെ നീ സൗഖ്യത്തിലാക്കേണമേ. അന്ത്യദിനത്തിൽ ഇടുങ്ങിയ നിർത്തത്തിന് വിധേയമാകുന്നതിൽ നിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷതേടുന്നു. ’

(113) اللَّهُمَّ مَتِّعْنِي بِسَمْعِي، وَبَصَرِي، وَاجْعَلْهُمَا الْوَارِثَ مِنِّي، وَانْصُرْنِي عَلَى مَنْ يَظْلِمُنِي، وَخُذْ مِنْهُ بِثَأْرِي

“അല്ലാഹുവേ! എന്റെ കാതിനേയും കണ്ണിനേയും നീ സുഖിപ്പിക്കേണമേ. അവ രണ്ടിനേയും എന്നിൽ നിന്നുള്ള അനന്തരാവകാശിയാക്കേണമേ. എന്റെ മേൽ അക്രമം നടത്തുന്നവർക്കെതിരെ നീ എന്നെ സഹായിക്കേണമേ അവനിൽ നിന്ന് നീ എന്റെ പ്രതികാരം എടുക്കേണമേ. ”

(114) اللَّهُمَّ إِنِّي أَسْأَلُكَ عِيشَةً نَقِيَّةً، ومِيتَةً سَوِيَّةً،

ومَرَدّاً غَيْرَ مُخْزٍ ولا فَاضِحٍ

“അല്ലാഹുവേ! ശുദ്ധമായ ജീവിതവും നേരായ മരണവും നിന്ദ്യമോ വഷളതയുള്ളതോ അല്ലാത്ത മടക്കവും നിന്നോട് ഞാൻ ചോദിക്കുന്നു. ”

(115) اللَّهُمَّ أَحْسَنْتَ خَلْقِي فَأَحْسِنْ خُلُقِي

“അല്ലാഹുവേ! നീ എന്റെ സൃഷ്ടിപ്പ് നന്നാക്കിയല്ലോ. അതുപോലെ എന്റെ സ്വഭാവവും നീ നന്നാക്കിത്തരേണമേ. ”

(116) اللَّهُمَّ ثَبِّتْنِي وَاجْعَلْنِي هَادِياً مَهْدِيّاً

അല്ലാഹുവേ! എന്നെ നീ ഉറപ്പിച്ചു നിർത്തേണമേ എന്നെ നീ സന്മാർഗ്ഗിയും സന്മാർഗ്ഗം കാണിക്കുന്നവനും ആക്കേണമേ

(117) اللَّهُمَّ آتِنِي الحِكْمَةَ الَّتِي مَنْ أُوتِيهَا فَقَدْ أُوتِيَ خَيْرًا كَثِيرًا

“അല്ലാഹുവേ! നീ എനിക്ക് യഥാർത്ഥ ജ്ഞാനം നൽകേണമേ. അത് നൽകപ്പെട്ടവന് ധാരാളം നന്മ നൽകപ്പെട്ടിരിക്കുന്നു. ”

# പ്രാർത്ഥന സ്വീകരിക്കുന്നതിന് സഹായകമാകുന്ന ഘടകങ്ങൾ

1 ഇഖ്‌ലാസ്: അഥവാ അല്ലാഹു മാത്രമാണ് പ്രാർത്ഥനക്കർഹൻ എന്ന വിശ്വാസമാണ്.

وَٱدۡعُوهُ مُخۡلِصِينَ لَهُ ٱلدِّينَۚ

കീഴ്‌വണക്കം അവന് മാത്രമാക്കി കൊണ്ട് അവനോട് പ്രാർത്ഥിക്കുകയും ചെയ്യുവിൻ. (സൂറ: അഅ്റാഫ് 29)

2 പ്രാർത്ഥനയുടെ മര്യാദകൾ പാലിക്കുക:

**ഒന്ന്** അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് ആരംഭിക്കുക. **രണ്ട്**, നബിയുടെ പേരിൽ സ്വലാത്ത്. **മൂന്ന്**, തെറ്റുകൾ സമ്മതിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യുക. **നാല്**, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പറയുക, **അഞ്ച്**, പ്രാർത്ഥന (ഖുർആനിലും സുന്നത്തിലും വന്നവ ഏറ്റവും ഉത്തമം). **ആറ്**, സ്വലാത്ത് കൊണ്ട് അവസാനിപ്പിക്കുക.

3 വിനയം, ഭക്തി, അനുഗ്രഹം ഭയം എന്നിവ പ്രകടിപ്പിക്കുക

4 ആവർത്തിച്ചു പ്രാർത്ഥിക്കുക

5 അലസത, മടി എന്നിവ പ്രാർത്ഥനയിൽ വരാതിരിക്കുക.

6 സുഖവും സന്തോഷവും ഉള്ള സമയത്ത് പ്രാർത്ഥനകൾ വർദ്ധിപ്പിക്കുക.

7 അല്ലാഹുവിന്റെ നാമവിശേഷണങ്ങൾ, നമ്മുടെ സൽകർമ്മങ്ങൾ എന്നിവ തവസ്സുലാക്കി പ്രാർത്ഥിക്കുക.

8 ദൃഢതയോടെ പ്രാർത്ഥിക്കുക. (അല്ലാഹുവേ നിനക്ക് ഇഷ്ടമുണ്ടെങ്കിൽ എനിക്ക് നൽകേണമേ എന്നല്ല)

9 പ്രാർത്ഥന സ്വീകരിക്കുന്ന സമയങ്ങൾ, അവസ്ഥകൾ, സ്ഥലങ്ങൾ എന്നിവ പ്രത്യേകം പരിഗണിക്കുക.

**സ്വീകരിക്കുന്ന സമയങ്ങൾ**: രാത്രിയുടെ അന്ത്യസമയം, അത്താഴ സമയം, വെള്ളിയാഴ്ചയിലെ ഒരു സമയം, മഴ വർഷിക്കുന്ന സമയം, ബാങ്കിന്റെയും ഇകാമത്തിന്റെയും ഇടയിലുള്ള സമയം.

**അവസ്ഥകൾ**: നോമ്പ് തുറക്കുമ്പോൾ, സുജൂദിൽ, ലൈലത്തുൽ ഖദ്ർ, അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥന, യാത്രക്കാരന്റെ പ്രാർത്ഥന, ഞെരുക്കം ബാധിച്ചവന്റെ പ്രാർത്ഥന, ഒരു

മുസ്‌ലിം തന്റെ സഹോദരനുവേണ്ടി അവന്റെ അഭാവത്തിൽ പ്രാർത്ഥിക്കൽ

**സ്ഥലങ്ങൾ**: പള്ളികൾ പ്രത്യേകിച്ചും (മസ്ജിദുൽ ഹറാം) അറഫാ, മിനാ, മുസ്ദലിഫ.

## പ്രാർത്ഥന സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ

1. പ്രാർത്ഥിക്കുന്നവൻ അല്ലാഹുവിന്റെ വിധി വിലക്കുകൾ അംഗീകരിക്കാത്തവനായാൽ

2 നിഷിദ്ധമായ ഉപജീവനം (ഭക്ഷണം, വസ്ത്രം പാർപ്പിടം, വാഹനം... )

3 ഉത്തരം ലഭിക്കുന്നില്ലെന്ന പരാതിയിൽ പ്രാർത്ഥന ഉപേക്ഷിച്ചാൽ.

4 കുടുംബ ബന്ധം വിഛേദിക്കാനോ പാപത്തിനോ വേണ്ടിയുള്ള പ്രാർത്ഥന നടത്തൽ.

5 നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്ന പ്രവർത്തനം ഉപേക്ഷിക്കൽ.